# പോലീസ് വകുപ്പ്

# കേരളം

**No. G2-51913/2020/DR**
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
spkkdrl.pol@kerala.gov.in
04962523031
തീയതി. 08-06-2022

**ലേല പരസ്യം**

കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധികാര പരിധിയിലുള്ള താമരശ്ശേരി പോലീസ് സ്റ്റേഷൻ വളപ്പിൽ ഉള്ള പഴക്കംച്ചെന്ന സർകിൾ ഓഫീസ് കെട്ടിടം , പഴയ സർകിൾ ഇൻസ്പെകടറുടെ ക്വാർട്ടേഴ്സ്, സബ് ഇൻസ്പെക്ടറുടെ ക്വാർട്ടേഴ്സ് എന്നീ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനായി 27.06.2022 തീയ്യതി പകൽ 11 മണിക്ക് താമരശ്ശേരി പോലീസ് സ്റ്റേഷൻ വളപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് നിശ്ചയിരിക്കുന്നു.

**നിബന്ധനകൾ :-**

1) ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരത ദ്രവ്യമായ 2600/-രൂപ ( രണ്ടായിരത്തി അറന്നൂറു രൂപ) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്.കൂടാതെ സീൽ ചെയ്ത് ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരത ദ്രവ്യമായ തുക, ആയതിൻറെ Demand Draft സഹിതം, താമരശേരി പോലിസ്ഇൻസ്പെകടറുടെ പേരിൽ 25.06.2022 തീയ്യതി വൈകീട്ട് 5 മണി വരെ താമരശ്ശേരി പോലീസ് സ്റ്റേഷനിൽ സമർപ്പിക്കാവുന്നതാണ്. കൂടാതെ ദർഘാസ് അടങ്ങിയ കവറിനു പുറത്ത് "പോലീസ് ഡിപ്പാർട്ട്മെൻറ് വക സ്ഥലത്തെ 3 ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

2) ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേല സമയത്ത് കൃത്യമായി ഹാജരാകേണ്ടതാണ്.

4) ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരത ദ്രവ്യം (ലേലം കൊണ്ടയാളുടെ ഒഴികെ) ലേലം കഴിഞ്ഞ ഉടനെ തന്നെ തിരിച്ചു നൽകുന്നതാണ് .

3) പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ, ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്.

4) ലേലം താൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേല തുകയുടെ പകുതിയും ( നിരത ദ്രവ്യം കഴിച്ച് 18 %) GST ഉൾപ്പെടെ മുഴുവൻ തുകയുടെ നികുതിയും അടച്ച് രസീത് വാങ്ങേണ്ടതും, ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടിയതിനു ശേഷം 10 ദിവസത്തിനകം ബാക്കി തുക അടച്ച് കെട്ടിടം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും പൊളിച്ച് മാറ്റി സാധന സാമഗ്രികൾ പ്രസ്തുത സ്ഥലത്ത് നിന്നും പൂർണമായി നീക്കം ചെയ്യേണ്ടതുമാണ്.

5) ഏതെങ്കിലും കാരണ വശാൽ ലേലം / ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, കെട്ടിടം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

6) മേൽ സൂചിപ്പിച്ച കെട്ടിടം പരിശോധിക്കണമെങ്കിൽ 25.06.2022 വരെയുള്ള ഏതെങ്കിലും ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണിവരെ താമരശ്ശേരി സ്റ്റേഷൻ ഹൗസ് ഓഫീസറുടെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ് .

7) യുക്തമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തീയ്യതി മാറ്റി വെക്കുന്നതിനും ലേലം / ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

Srinivas A

ശ്രീനിവാസ് എ, ഐ പി എസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | 1) സൂപ്രണ്ട് , ഗവ. പ്രസ്സ് തിരുവനന്തപുരം . ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനായി. 2) ജില്ലാ ഇൻഫർമേഷൻ ഓഫീസർ , കോഴിക്കോട് പത്ര പരസ്യം ചെയ്യുന്നതിനായ് 3) എല്ലാ ജില്ലാ പോലിസ് മേധാവിമാർക്കും , എല്ലാ കമാണ്ടൻറുമാർക്കും അറിവിനും , വ്യപകമായി പരസ്യം ചെയ്യുന്നതിനും , |
| പകർപ്പ് | : | കോഴിക്കോട് റൂറലിലെ എല്ലാ ഓഫിസർമാർക്കും ലേല പരസ്യ നോട്ടിസ് , നോട്ടിസ് ബോർഡിൽ പതിക്കുന്നതിനായ് |